**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6747** **21-03-2023 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിന് ചെലവഴിച്ച തുക എത്രയാണ്; ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗവ.ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെയാണ് നിർമ്മാണം നടപ്പിലാക്കിയത്. ഇതിന്റെ എസ് പി വി കൈറ്റ് ആയിരുന്നു. പ്രസ്തുത നിർമ്മാണം രണ്ട് കരാറുകാരുടെ മേൽനോട്ടത്തിലാണ് നടത്തിയതെന്നും സമയോചിതമായി നിർമ്മാണപുരോഗതി കൈവരിക്കാത്തതിനാൽ ആദ്യ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായെന്നും, തുടർന്ന് ശേഷിക്കുന്ന നിർമാണ പ്രവൃത്തികൾക്കായി പുതിയ കരാറുകാരനെ തിരഞ്ഞെടുക്കുക യുണ്ടായെന്നും കൈറ്റ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി ആദ്യ കരാറുകാരന് നൽകിയ ബിൽ തുക 20,90,976/- രൂപയും പുതിയ കരാറുകാരന് നാളിതു വരെ നിർമ്മാണത്തിനായി 3,32,94,489/- രൂപയുടെ ബിൽ തുകയുമാണ് പാസാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ഇതുവരെ പ്രവൃത്തിക്കായി 3,53,85,665/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ പേയ്മെന്റ് നടത്തിയിട്ടില്ല എന്നും കൈറ്റ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച തീയതി, കെട്ടിടം ഉദ്ഘാടനം ചെയ്ത തീയതി എന്നിവ അറിയിക്കാമോ; | (ബി) | ടി സ്കൂളിന്റെ നിർമാണം 14.12.2021-ൽ പൂർത്തീകരിക്കുകയും സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി 30.05.2022ന് ഉദ്ഘാടനം നടത്തുകയും ചെയ്തു. |
| (സി) | നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത സ്കൂൾ കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പുതിയ എത്ര ക്ലാസ്സ് മുറികൾ ഉണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ടി സ്കൂളിലെ എച്ച്.എസ്.എസ് ബ്ലോക്ക് (G+2) ന്റെ നിർമാണം 1929.312 sqm വിസ്തീർണത്തിൽ 13 ക്ലാസ് മുറികൾ നിർമിച്ചിട്ടുണ്ട്. ഇതര സൗകര്യങ്ങളായി രണ്ട് കമ്പ്യൂട്ടർ ലാബ്, രണ്ട് ഓപ്പൺ ഹാൾ, ലാംഗ്വേജ് റൂം, സ്റ്റോർ റൂം, എന്നിവയും പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ എന്നിവർക്കായി |

| | | | |
|---|---|---|---|
| | | | പ്രത്യേകം മുറികളും മറ്റ് സ്റ്റാഫുകൾക്കായി ഒരു മുറിയും ഒരുക്കിയിട്ടുണ്ടെന്നും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഭിന്നശേഷിക്കാർക്കുമായി പ്രത്യേകം ശൗചാലയങ്ങളും സെപ്റ്റിക് ടാങ്ക് എന്നിവയും നിർമിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഏജൻസിയായ കൈറ്റ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കെട്ടിടത്തിന് ഇതുവരെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് . സ്കൂളിന് ഫിറ്റ്നസ് ലഭ്യമാക്കുന്നതിനും പ്രസ്തുത കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനും ഉള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ എന്നും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അത് നീക്കി പ്രസ്തുത കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കാൻ അടിയന്തര ഇടപെടൽ നടത്തുമോയെന്നും വ്യക്തമാക്കുമോ? | (ഇ) | ഉണ്ട് . സ്കൂളിന് ഫിറ്റ്നസ് ലഭ്യമാക്കുന്നതിനും പ്രസ്തുത കെട്ടിടത്തിൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്നതിനും ഉള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ